അഭിഭാഷകനായ ശ്രീ. കപിൽ സിബൽ തന്നെ ഹാജരാകണമെന്ന നിർദ്ദേശം കൊടുക്കുകയും അദ്ദേഹം സുപ്രീംകോടതിയിൽ ഹാജരാവുകയും ചെയ്ത അതുകാരണം കേസ് കേരളത്തിന് വെളിയിലേയ്ക്ക് മാറ്റണമെന്നുള്ള ശ്രീ. നിസാമിന്റെ അപേക്ഷ സുപ്രീംകോടതി തള്ളിക്കളയുകയാണുണ്ടായത്. ഈ കേസിന്റെ കാര്യത്തിൽ ഗവൺമെന്റ് വളരെ ജാഗ്രത പുലർത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഇക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. വളരെ നല്ല നിലയിലാണ് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്ന് നടപടികൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

13. ഫർക്ക ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ നാട്ടിക-ഫർക്ക ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണവും ശുദ്ധജലവിതരണ ശൃംഖലയുടെ വിപുലീകരണവും മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽനിന്ന് (NRDWP) 22 കോടി രൂപ ലഭിച്ചിരുന്നു. ഇതിന് സാമ്പത്തിക അനുമതി ലഭിച്ച സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുത്തി ഔദ്യോഗികതലയോഗങ്ങൾ നിയോജകമണ്ഡലത്തിൽ ചേർന്നിരുന്നു. ഉദ്യോഗസ്ഥതലത്തിലുള്ള നിർദ്ദേശങ്ങളിലായാലും പ്രോജക്ട് ഡിസ്ക്ഷനിലായാലും ഈ പദ്ധതി എത്രയുംവേഗം നടപ്പിലാക്കണമെന്നാണ് യോഗം വിലയിരുത്തിയത്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട അഞ്ച് മണ്ഡലങ്ങളിലെ ജലക്ഷാമം വളരെ ഗൗരവമായും അടിയന്തരമായും പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് നാട്ടിക-ഫർക്ക ശുദ്ധജല വിതരണ പദ്ധതി. 40 വർഷത്തിലധികം പഴക്കമുള്ള നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിയിൽ കാലഹരണപ്പെട്ട പ്രീമോ പൈപ്പുകളാണ് ഉപയോഗിച്ചിരിക്കുന്നത്. വലിയ ഫോഴ്സിൽ വെള്ളം പമ്പ് ചെയ്താൽ ഈ പൈപ്പുകളെല്ലാം പൊട്ടും. ഇവ മാറ്റി പകരം പുതിയ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര ഗവണ്മെന്റിന്റെ 22 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരിക്കുന്നത്. ഈ പദ്ധതിക്ക് സംസ്ഥാന ഇറിഗേഷൻ വകുപ്പിൽനിന്ന് സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട്. തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തളിക്കുളം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പത്ത് ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം ലഭിക്കുന്നതിനായി 28 കോടി രൂപയുടെ പദ്ധതി 2014-ലെ എസ്.എൽ.എസ്.എസ്.സി. (State Level Scheme Sanctioning Committee) യിൽ സമർപ്പിക്കുകയും ടി കമ്മിറ്റി 22 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 22 കോടി രൂപയുടെ പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

14. കടിവെള്ള പദ്ധതി

ശ്രീ. പി. ടി. എ. റഹീം: സർ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ ഉദ്ഘാടനം കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ ആവശ്യമായ ശുദ്ധ ജലത്തിന്റെ ഒരു ഭാഗം സംഭരിക്കുന്നത് ചാലിയാറിന്റെ തീരത്തുള്ള ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ്. ആ പ്രദേശത്തേയ്ക്കുകൂടി ഇതിന്റെ ഗുണഫലം ലഭ്യമാക്കണമെന്ന് 3-12-2014-നും 11-3-2015-നും നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കാമെന്നും ഒരു കമ്മിറ്റിയെ വച്ച് ഇക്കാര്യത്തിൽ സാധ്യതാപഠനം നടത്താമെന്നും പറഞ്ഞിരുന്നു. പക്ഷേ, ഇതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്നുള്ളതാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കോഴിക്കോട് നഗരത്തിന്റെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് 'ജിക്ക' സഹായത്തോടെയുള്ള കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നന്മണ്ട, നരിക്കുനി, കാക്കൂർ, ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ, കുരുവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്കുംവേണ്ടിയാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നപരിഹാരത്തിന് 246 ദശലക്ഷം ലിറ്റർ വെള്ളമാണ് പ്രതിദിനം ആവശ്യമുള്ളത്. അതിൽ ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയ പെരുമണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽനിന്ന് ലഭിക്കുന്ന 174 ദശലക്ഷം ജലവും കോഴിക്കോട് നഗരത്തിൽ ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ

LIBRARY ARCHIVES Kerala Legislative Assembly